# SAMAGRA PLUS

## അർദ്ധവാർഷിക മൂല്യനിർണ്ണയം 2024
## ക്ലാസ്സ് 7
## മലയാളം കേരളപാഠാവലി

Time : 2 മണിക്കൂർ                                                    Score : 25 മാർക്ക്

നിർദ്ദേശങ്ങൾ

1 മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാൻ ഉള്ളതാണ്.

2 ആകെ ആറ് പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.

### പ്രവർത്തനം 1 : വായിക്കാം എഴുതാം

കവിത വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

മലയാളം

ചേരമാൻ പെരുമാൾ വായിച്ച ഭാഷ
കേരങ്ങളൊക്കെയും വാഴിച്ച ഭാഷ
ഞാറു നടുന്നോരു നാടിന്റെ ഭാഷ
ചേറു പുരണ്ടോരു നാടിന്റെ ഭാഷ
പുള്ളുവ വീണ മിടിക്കുന്ന ഭാഷ
ചുരികത്തഴമ്പുള്ള നാടോടി ഭാഷ
കണ്ണകി കണ്ണു മിഴിപ്പിച്ച ഭാഷ
കയ്ക്കാത്ത കാഞ്ഞിരം കായ്ക്കുന്ന ഭാഷ
ആളുന്തിപ്പാട്ടിന്റെ ചേലുള്ള ഭാഷ
ആളേറെത്തുള്ളിയ വള്ളുവൻ ഭാഷ
മീൻ തൊട്ടുകൂട്ടിയ പട്ടേരി ഭാഷ
തേൻ ചുരത്തിത്തന്ന കായാമ്പു ഭാഷ
വള്ളം തുഴഞ്ഞേറെ പാടിയ ഭാഷ
ഉള്ളം നിറഞ്ഞുറഞ്ഞാടിയ ഭാഷ
ഓമനത്തിങ്കളുറങ്ങുന്ന ഭാഷ
തമ്പുരാക്കന്മാർ മുറുക്കിയ ഭാഷ
ചിന്തതൻ ചന്തം പകരുന്ന ഭാഷ
പൈതലിൻ ഹാസം പതയുന്ന ഭാഷ
പ്രേമം നിറഞ്ഞു വഴിയുന്ന ഭാഷ
കണ്ണീരും മുത്തായി മാറുന്ന ഭാഷ

ഇടനെഞ്ചു പൊട്ടും ഇടയന്റെ ഭാഷ
മണിനാദമായ് മുഴങ്ങിടുന്ന ഭാഷ
നാരു പിരിക്കുന്ന നേരിന്റെ ഭാഷ
കൊയ്തുമെതിക്കുന്ന വേർപ്പിന്റെ ഭാഷ
മാമരങ്ങൾ പൂത്ത കാടിന്റെ ഭാഷ
നീളേ കടൽത്തിര പാടുന്ന ഭാഷ
സൂര്യകാന്തിപ്പൂ ചിരിക്കുന്ന ഭാഷ
സൂര്യനായ് കത്തിജ്ജ്വലിക്കുന്ന ഭാഷ

1) ഞാറു നടുന്നോരു നാടിന്റെ ഭാഷ
ചേറു പുരണ്ടോരു നാടിന്റെ ഭാഷ
ഈ വരികൾ സൂചിപ്പിക്കുന്നത് ?

- കൃഷിപ്പാട്ട്
- വടക്കൻപാട്ട്
- തോറ്റംപാട്ട്

2) കൃഷ്ണഗാഥയുടെ ഉത്ഭവം സൂചിപ്പിക്കുന്ന വരി ഏത് ?

- പൈതലിൻ ഹാസം പതയുന്ന ഭാഷ
- ആളുന്തിപ്പാട്ടിന്റെ ചേലുള്ള ഭാഷ
- മീൻ തൊട്ടുകൂട്ടിയ പട്ടേരി ഭാഷ

3) 'കാവ്യക്കരുക്കളിൽ താരാട്ടുപാട്ടിന്റെ -
യീണച്ചതിച്ചേലറിഞ്ഞു ചിരിച്ചോരാൾ '
(അമ്മ മലയാളം) (കുരീപ്പുഴ ശ്രീകുമാർ )

ഈ വരികളുമായി സാമ്യമുള്ള വരിയേത് ?

- കണ്ണീരും മുത്തായി മാറുന്ന ഭാഷ
- ഓമനത്തിങ്കളുറങ്ങുന്ന ഭാഷ
- കണ്ണകി കണ്ണു മിഴിപ്പിച്ച ഭാഷ

4) മലയാളഭാഷയെ കൈപിടിച്ചുയർത്തിയ കവികളും അവരുടെ കവിതയെക്കുറിച്ചുള്ള സൂചനകളും താഴെ കൊടുക്കുന്നു .

ചേരുംപടി ചേർക്കുക

| | |
|---|---|
| എഴുത്തച്ഛൻ | വള്ളം തുഴഞ്ഞേറെ പാടിയ ഭാഷ |
| കുഞ്ചൻ നമ്പ്യാർ | കയ്ക്കാത്ത കാഞ്ഞിരം കായ്ക്കുന്ന ഭാഷ |
| രാമപുരത്തു വാര്യർ | ആളേറെത്തുള്ളിയ വള്ളുവൻ ഭാഷ |

5) ഈ കവിതയ്ക്ക് ഉചിതമെന്നു തോന്നുന്ന മറ്റൊരു തലക്കെട്ട് നൽകുക.

## പ്രവർത്തനം 2 : പ്രതികരണക്കുറിപ്പ്

എ) 'ജനിക്കും നിമിഷം തൊട്ടെൻ
മകനിംഗ്ലീഷ് പഠിക്കണം
അതിനാൽ ഭാര്യ തൻ പേറ-
ങ്ങിംഗ്ലണ്ടിൽ തന്നെയാക്കി ഞാൻ '
-കുഞ്ഞുണ്ണിമാഷ്




കുഞ്ഞുണ്ണിമാഷിന്റെ വരികളും രണ്ടു വഴിയാത്രികർ തമ്മിലുള്ള സംഭാഷണവും വായിച്ചല്ലോ . മലയാളപദങ്ങൾ ഉപയോഗിക്കാനാവുന്ന സന്ദർഭങ്ങളിൽ പോലും ഇംഗ്ലീഷ് പ്രയോഗിക്കുന്ന പ്രവണത കൂടിവരുന്നില്ലേ ?
മലയാളിക്ക് മലയാളത്തോടുള്ള മമത കുറയുന്നുവോ?
ഈ വിഷയത്തിൽ നിങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും കൂടി ഉൾപ്പെടുത്തി ഒരു പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

ബി) 'കാവ്യനർത്തകി' എന്ന കവിതയിൽ നർത്തകിയായി കവിയുടെ മുന്നിൽ വന്നിരിക്കുന്നത് ആരാണ്?

## പ്രവർത്തനം 3 : നോട്ടീസ്

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ സ്കൂളിൽ പുതുവത്സരാഘോഷം നടത്തുന്നു . മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ഉദ്ഘാടനം : പ്രശസ്ത സാഹിത്യകാരൻ കുരീപ്പുഴ ശ്രീകുമാർ
മലയാളത്തിൽ പുതുവത്സര ആശംസ വചനങ്ങൾ തയ്യാറാക്കൽ
കാവ്യാലാപനം
നിർത്താതെ മലയാളം - ഒരു മിനിറ്റ് പ്രസംഗം
കാവ്യകേളി - ഇവയാണ് പ്രധാന പരിപാടികൾ

കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഈ പരിപാടിക്ക് എല്ലാവരെയും ക്ഷണിച്ചുകൊണ്ട് ഒരു നോട്ടീസ് തയ്യാറാക്കുക

## പ്രവർത്തനം 4 : ജീവചരിത്രക്കുറിപ്പ്

എ)







ജനനം : 1848 ഏപ്രിൽ 29
ജന്മസ്ഥലം : കിളിമാനൂർ കൊട്ടാരം തിരുവനന്തപുരം
മാതാപിതാക്കൾ :ഉമാ അംബാഭായി തമ്പുരാട്ടി , എഴുമാവിൽ നീലകണ്ഠൻ ഭട്ടതിരിപ്പാട്,
ഗുരു :കൊട്ടാരം ചിത്രകാരൻ രാജരാജവർമ്മ
മരണം :1906 ഒക്ടോബർ 2
പ്രധാന ചിത്രങ്ങൾ : വിളക്കേന്തിയ വനിത , അതാ അച്ഛൻ വരുന്നു, ഹംസവും ദമയന്തിയും , ദർഭമുന കൊണ്ട ശകുന്തള
അംഗീകാരങ്ങൾ : 1871-ൽ മഹാരാജാവിൽ നിന്ന് വീരശൃംഖല
1873-ൽ മദ്രാസിൽ നടന്ന കലാ പ്രദർശനത്തിൽ സുവർണ്ണമുദ്ര
കൊട്ടാര ചുമരുകളിൽ കരിക്കട്ട കൊണ്ട് ചിത്രം വരച്ച് തുടക്കം.
എണ്ണഛായ ചിത്രരചനയിൽ പ്രാവീണ്യം .
രാജാക്കന്മാർക്കിടയിലെ ചിത്രകാരനും ചിത്രകാരന്മാർക്കിടയിലെ രാജാവും

മുകളിൽ കൊടുത്ത വിശദാംശങ്ങൾ യുക്തിപരമായി ക്രമപ്പെടുത്തി എണ്ണച്ഛായ ചിത്രകാരനായ രാജാ രവിവർമ്മയുടെ ഒരു ലഘു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക .

ബി) സൺഡേ ഇൻഡിപ്പെൻഡന്റിലെ മത്സരത്തിനായി ക്രിസ്റ്റി ബ്രൌൺ പെയിൻറ് ചെയ്ത ചിത്രം ഏത്?

## പ്രവർത്തനം 5 : ഇ മെയിൽ സന്ദേശം

"നോക്ക് ! നോക്ക് ! എടാ നീ നേടി, നേടി , നോക്ക് !"
പെയിന്റിംഗ് മത്സരത്തിൽ സമ്മാനം നേടിയ ബ്രൗണിനോട് അച്ഛൻ ആഹ്ളാദത്തോടെ പറയുന്ന വാക്കുകളാണിത് .
സിൻഡ്രലയുടേയും രാജകുമാരന്റേയും ചിത്രത്തിന് സമ്മാനം നേടിയ ക്രിസ്റ്റി ബ്രൗണിനെ അഭിനന്ദിച്ചുകൊണ്ട് വ്യത്യസ്തമായ രണ്ട് ഇമെയിൽ സന്ദേശങ്ങൾ തയ്യാറാക്കുക.

## പ്രവർത്തനം 6 : ലേഖനം

ഞാൻ

പല പല നാളുകൾ ഞാനൊരു പുഴുവായ്
പവിഴക്കൂട്ടിലുറങ്ങി
..........................................................................................
ഒരുനാൾ സൂര്യനുദിച്ചുയരുമ്പോൾ
വിടരും ചിറകുകൾ വീശി
പുറത്തുവന്നു അഴകുതുടിക്കും
പൂമ്പാറ്റത്തളിരായി

- സി ഗംഗാധരൻ നായർ

ചിത്രശലഭങ്ങൾ

പറന്നു നടക്കുന്ന ചിത്രശലഭങ്ങൾക്ക് പിമ്പേ
മനുഷ്യരുടെ ബാല്യകാലം രണ്ടു ചിത്രങ്ങളും
പിടിച്ചുകൊണ്ട് പറക്കുന്നു
മനുഷ്യർ വലുതാകുമ്പോൾ ചിറകുകൾ കൊഴിയുന്നു
ശേഷം പുഴുവായി ഇഴഞ്ഞു നടക്കുന്നു.

- എസ് ജോസഫ്

- പുഴുവായിരുന്ന പൂമ്പാറ്റ വളർന്ന് അഴകാർന്ന ചിത്രശലഭമായി മാറുന്നു.
- കലർപ്പില്ലാത്ത സ്നേഹത്തിന്റെയും മാനവികതയുടെയും നേർ രൂപമാണ് കുട്ടികൾ

വളരുന്തോറും മനുഷ്യന് മാനവികതയുടെ ചിറകുകൾ നഷ്ടമാവുന്നുണ്ടോ? മുകളിലെ വരികളും പ്രസ്താവനകളും പരിഗണിച്ച് ലഘുലേഖനം തയ്യാറാക്കുക. ലേഖനത്തിന് ഉചിതമായ തലക്കെട്ടും നൽകണേ.

ബി) ചിത്രശലഭങ്ങൾ കയ്യിൽ ചിത്രങ്ങളില്ലാതെ കഴിഞ്ഞതെപ്പോൾ?

*******************************************

# ഉത്തര സൂചിക

## പ്രവർത്തനം 1 : വായിക്കാം എഴുതാം

1) കൃഷിപ്പാട്ട്
2) ആളുന്തിപ്പാട്ടിന്റെ ചേലുള്ള ഭാഷ
3) ഓമനത്തിങ്കളുറങ്ങുന്ന ഭാഷ
4)ചേരുംപടി ചേർക്കുക

| | |
|---|---|
| എഴുത്തച്ഛൻ | കയ്ക്കാത്ത കാഞ്ഞിരം കായ്ക്കുന്ന ഭാഷ |
| കുഞ്ചൻ നമ്പ്യാർ | ആളേറെത്തുള്ളിയ വള്ളുവൻ ഭാഷ |
| രാമപുരത്തു വാര്യർ | വള്ളം തുഴഞ്ഞേറെ പാടിയ ഭാഷ |

5) ഉചിതമായ ശീർഷകം കണ്ടെത്തിയിട്ടുണ്ട്.

## പ്രവർത്തനം 2 : എ) പ്രതികരണക്കുറിപ്പ്

- ✗ മാതൃഭാഷയുടെ പ്രാധാന്യം കണ്ടെത്തിയിട്ടുണ്ട്.
- ✗ മലയാളഭാഷയോടുള്ള ഇന്നത്തെ സമൂഹത്തിന്റെ സമീപനം വിശകലനം ചെയ്തിട്ടുണ്ട്,
- ✗ മലയാളഭാഷയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- ✗ സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ✗ ഉചിതമായ ഭാഷ

(ബി) മലയാള കവിത

## പ്രവർത്തനം 3 : നോട്ടീസ്

- ✗ നോട്ടീസിന്റെ ഘടന ( ശീർഷകം, സംബോധന, തീയതി , ഉള്ളടക്കം, വിശദാംശങ്ങൾ, ആഹ്വാനം ) പാലിച്ചിട്ടുണ്ട്
- ✗ നോട്ടീസ് താല്പര്യത്തോടെയും എളുപ്പത്തിലും വായിക്കാൻ പ്രേരിപ്പിക്കുന്ന വിധം ആകർഷകമായി വിന്യസിച്ചിട്ടുണ്ട്
- ✗ ഉചിതമായ ഭാഷ - സവിശേഷപ്രയോഗങ്ങൾ ശൈലി എന്നിവയുടെ ഉപയോഗം

## പ്രവർത്തനം 4 : എ) ജീവചരിത്രക്കുറിപ്പ്

- ✗ ജനനം, മരണം- തീയതിയും സ്ഥലവും

- ✗ കുടുംബ വിവരങ്ങൾ
- ✗ ആജീവനാന്ത നേട്ടങ്ങൾ
- ✗ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ
- ✗ സമൂഹത്തിലെ സ്വാധീനം / ചരിത്രപരമായ പ്രാധാന്യം

ബി) സിൻഡ്രല രാജകുമാരനുമൊത്ത് നൃത്തം ചെയ്യുന്ന ചിത്രം

## പ്രവർത്തനം 5 : ഇ മെയിൽ സന്ദേശം

- ✗ സന്ദേശം തയ്യാറാക്കി അയക്കുന്ന ആളിന്റെയും സന്ദേശം സ്വീകരിക്കുന്ന ആളിന്റെയും ഇമെയിൽ ഐഡി
- ✗ സന്ദേശത്തിന്റെ സംക്ഷിപ്തമായമായ അവതരണം
- ✗ വിഷയത്തിന്റെ പരാമർശം
- ✗ ഉചിതമായ ഭാഷ

## പ്രവർത്തനം 6 : എ) ലേഖനം

- ✗ സന്ദർഭവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്
- ✗ ലേഖനത്തിന്റെ ഘടന പാലിച്ചിട്ടുണ്ട് (തലക്കെട്ട്, തുടക്കം , പ്രധാനാശയങ്ങൾ , വിശദീകരണങ്ങൾ , ഉപസംഹാരം )
- ✗ വിഷയവുമായി ബന്ധപ്പെട്ട് തന്റെ നിരീക്ഷണങ്ങളും നിലപാടുകളും യുക്തിയും ഉദാഹരണങ്ങളും സഹിതം സ്ഥാപിച്ചിട്ടുണ്ട്.
- ✗ ആശയങ്ങളും നിലപാടുകളും വായനക്കാരിൽ എത്തിക്കാൻ അനുയോജ്യമായ ഭാഷ

ബി) പുഴുക്കളായി കഴിഞ്ഞ കാലത്ത്

**************************************************